# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 11 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.sabarimala.kerala.gov.in prdsabarimala2021@gmail.com

---

## സന്നിധാനത്ത് രാത്രി താമസം : മുറികൾ അനുവദിച്ചു തുടങ്ങി

തീർഥാടകർക്ക് രാത്രി സന്നിധാനത്ത് താമസിക്കാൻ അനുമതി നൽകിയ സാഹചര്യത്തിൽ മുറികൾ അനുവദിച്ചു തുടങ്ങി. അക്കോമഡേഷൻ സെന്ററിൽ ആരംഭിച്ച റൂം ബുക്കിംഗ് ടോക്കൺ വിതരണം ദേവസ്വം എക്സിക്യൂട്ടിവ് ഓഫീസർ വി കൃഷ്ണകുമാര വാര്യർ ഉദ്ഘാടനം ചെയ്തു. 500 മുറികളാണ് കോവിഡ് മാനദണ്ഡപ്രകാരം ഇവിടെ സജ്ജീകരിച്ചത്. പരമാവധി പന്ത്ര ് മണിക്കൂർ വരെ മുറികളിൽ താമസിക്കാം. 12 മണിക്കൂർ കഴിഞ്ഞാൽ ഒരു കാരണവശാലും മുറികളിൽ തങ്ങാൻ അനുവദിക്കുകയില്ല. അനുവദിച്ച സമയത്തിന് ശേഷം മുറി ഒഴിഞ്ഞില്ലെങ്കിൽ കോഷൻ ഡിപോസിറ്റ് തുക തിരിച്ചു കിട്ടുകയില്ല. ഓൺലൈൻ ബുക്കിംഗ് സംവിധാന ആരംഭിക്കാത്തതിനാൽ സന്നിധാനത്ത് എത്തുന്ന ഭക്തർക്ക് നേരിട്ട് കൗ റിൽ വന്നാൽ മാത്രമേ മുറികൾ ലഭിക്കുകയുള്ളു. ദേവസ്വം അസി. എഞ്ചിനിയർ കെ സുനിൽകുമാർ, അക്കോമഡേഷൻ ഓഫീസർ ടി.ഇ. ശങ്കർ പ്രസാദ്,

ജൂനിയർ സൂപ്ര ് വി. ജയകുമാർ, അക്കോമഡേഷൻ സെക്ഷൻ ക്ലാർക്ക് രാജേഷ്ബാബു എന്നിവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ-** സന്നിധാനം അക്കോമഡേഷൻ സെന്ററിൽ ആരംഭിച്ച റൂം ബുക്കിംഗ് ഭക്തർക്ക് ടോക്കൺ നൽകി ദേവസ്വം എക്സിക്യൂട്ടിവ് ഓഫീസർ വി കൃഷ്ണകുമാര വാര്യർ ഉദ്ഘാടനം ചെയ്യുന്നു.

**(പി.ആർ. ശബരി-128)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.